**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4279** **18-03-2025 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിൽ ഒരു കുടുംബം ഒരു സംരംഭം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** |

(എ) ഒരു കുടുംബം, ഒരു സംരംഭം പദ്ധതി പ്രകാരം പൂഞ്ഞാർ മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളും ചെലവാക്കിയ തുകയും തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ വിശദ വിവരം ലഭ്യമാക്കാമോ;

(എ) ഒരു കുടുംബം ഒരു സംരംഭം പദ്ധതി (OFOE- One Family One Enterprise) സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി ആരംഭിച്ച പദ്ധതിയാണ്. പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ ഈരാറ്റുപേട്ട മുൻസിപ്പാലിറ്റി, പൂഞ്ഞാർ ,പൂഞ്ഞാർ തെക്കേകര,തിടനാട് തീക്കോയി , കോരുത്തോട്, മുണ്ടക്കയം, എരുമേലി, കൂട്ടിക്കൽ, പാറത്തോട് പഞ്ചായത്തുകളിൽ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ജനറൽ ഓറിയെൻറേഷൻ ട്രെയ്നിങ്ങുകൾ സംഘടിപ്പിക്കുകയും ഒരു കുടുംബം ഒരു സംരംഭം പദ്ധതിയെക്കുറിച്ച് സംരംഭകർക്ക് അവബോധം നൽകുകയും ചെയ്തിട്ടുണ്ട് അതുപോലെതന്നെ എല്ലാ പഞ്ചായത്തുകളിലും കഴിഞ്ഞ മൂന്ന് വർഷവും സംരംഭകസഭ/ലോൺ,ലൈസൻസ് സബ്സിഡി മേളകൾ സംഘടിപ്പിക്കുകയും ആയതിന്റെ ഭാഗമായി ടി പദ്ധതിയുടെ പ്രാധാന്യം സംരംഭകരിൽ എത്തിക്കുകയും ചെയ്തു . കൂടാതെ സംരംഭവർഷം പദ്ധതിയുടെ ഭാഗമായി എല്ലാ ഗ്രാമപഞ്ചായത്തിലും EDE മാരെ നിയമിക്കുകയും ഹെൽപ്പ് ഡസ്ക് സംവിധാനം ഒരുക്കുകയും ചെയ്തിട്ടുണ്ട്.

പൂഞ്ഞാർ മണ്ഡലത്തിൽ ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം ചെലവാക്കിയ തുക സംബന്ധിച്ച വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ച് ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | തദ്ദേശ സ്ഥാപനത്തിന്റെ പേര് | പദ്ധതി ആനുകൂല്യം സാങ്ഷൻ ചെയ്ത യൂണിറ്റുകളുടെ എണ്ണം | അനുവദിച്ച തുക(Rs) | പദ്ധതി ആനുകൂല്യം വിതരണം ചെയ്തയൂണിറ്റുകളുടെ എണ്ണം | വിതരണം ചെയ്ത തുക(Rs) |
|---|---|---|---|---|---|
| ഒരു കുടുംബം ഒരു സംരംഭം | പൂഞ്ഞാർ തെക്കേകര പഞ്ചായത്ത് | 2 | 1,43,337 | 2 | 38,605 |
| | ഈരാറ്റുപേട്ട മുൻസിപ്പാലിറ്റി | 2 | 1,08,452 | 2 | 1,08,452 |
| | പൂഞ്ഞാർ പഞ്ചായത്ത് | 1 | 56,814 | 0 | 0 |
| | മുണ്ടക്കയം പഞ്ചായത്ത് | 1 | 14,841 | 1 | 14,841 |
| | കോരുത്തോട് പഞ്ചായത്ത് | 3 | 94,153 | 2 | 41,689 |
| | എരുമേലി പഞ്ചായത്ത് | 4 | 1,00,772 | 2 | 40,102 |
| | **ആകെ** | **13** | **5,18,369** | **9** | **2,43,689** |

(ബി) പൂഞ്ഞാർ മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സ്വയംസംരംഭങ്ങളുടെ കണക്കുകൾ വ്യക്തമാക്കാമോ; പ്രസ്തുത സംരംഭങ്ങൾക്കായി എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(ബി) പൂഞ്ഞാർ മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പദ്ധതികളിലൂടെ സബ്സിഡി കൈപ്പറ്റിയ സ്വയം സ്വയംസംരംഭങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പദ്ധതിയുടെ പേര് | പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച യൂണിറ്റുകളുടെ എണ്ണം | പദ്ധതി പ്രകാരം നൽകിയ തുക(in lakh) |
|---|---|---|
| സംരംഭക സഹായ പദ്ധതി (ESS) | 1 | 1.13 |
| ഒരു കുടുംബം ഒരു സംരംഭം പദ്ധതി (OFOE) | 9 | 2.43689 |

| | | |
|---|---|---|
| മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ്സ് പദ്ധതി | 6 | 23.050 |
| പ്രധാന മന്ത്രി തൊഴിൽ ദായക പദ്ധതി (PMEGP) | 45 | 153.213 |
| പ്രധാനമന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപ വത്കരണ പദ്ധതി (PMFME) | 12 | 20.760 |
| **ആകെ** | **73** | **200.59** |

സെക്ഷൻ ഓഫീസർ